**KERALA STATE HAJ COM MITTEE**
*(Constituted under the Act of Parliament No. 35 of 2002)*
**HAJ HOUSE, CALICUT AIRPORT P.O.,**
**MALAPPURAM Dist., KERALA - 673 647.**

**Phone: 0483-2710717, 0483-2717572**
**Website: keralahajcommittee.org**
**E-mail: keralahajcommittee@gmail.com**

FILE:KSHC/151/2026-H2 Date: 06/06/2026

## ഹജ്ജ് - 2027

## സംസ്ഥാന ഹജ്ജ് കമ്മിറ്റി ഹജ്ജ് ട്രൈനേർസിനുള്ള അപേക്ഷ ക്ഷണി ക്കുന്നു.

കരിപ്പൂർ : ഹജ്ജ്-2027-സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ഹജ്ജ് ട്രെയിനർമാരായി പ്രവർത്തിക്കുവാൻ താത്പര്യമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. താഴെ പറയുന്ന ചുമതലകൾ യാതൊരു പ്രതിഫലവും കൂടാതെ നിർവ്വഹിക്കാൻ താത്പര്യമുള്ളവർ 2026 **ജൂൺ 15-നകം** ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷയുടെ ലിങ്ക് കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ keralahajcommittee.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത സമയത്തിനകം ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരിൽ നിന്നും നിശ്ചിത യോഗ്യതയുള്ളവരെ മാത്രമേ പരിഗണിക്കുകയുള്ളൂ.

**യോഗ്യത:**

1. അപേക്ഷകർ 25 വയസ്സ് പൂർത്തിയായിരിക്കണം
2. കമ്പ്യൂട്ടർ പരിഞ്ജാനമുള്ളവരായിരിക്കണം ഇ-മെയിൽ, വാട്സ്ആപ്പ് തുടങ്ങി ഓൺലൈൻ മാധ്യമങ്ങൾ ഉപയോഗിക്കുന്നതിനുള്ള കഴിവുള്ളവരും ഹാജിമാർക്ക് ആവശ്യമായ വിവരങ്ങൾ നല്കാൻ കഴിയുന്നവരുമായിരിക്കണം

**ട്രെയിനേഴ്സിനുള്ള ചുമതലകൾ:**

1) ഹജ്ജ് അപേക്ഷകർക്ക് വേണ്ടുന്ന എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും നൽകൽ. ഓൺലൈൻ ഹജ്ജ് അപേക്ഷ സമർപ്പിക്കലും ആവശ്യമായ രേഖകളെക്കുറിച്ച് വിവരം നൽകലും.

2) ഹജ്ജിന് തെരഞ്ഞെടുക്കപ്പെട്ടവർക്ക് ആവശ്യമായ വിവരങ്ങൾ നൽകലും, രേഖകൾ നിശ്ചിത സമയത്തിനകം ഹജ്ജ് കമ്മിറ്റി ഓഫീസ്സിലും ഓൺലൈൻ വഴിയും സമർപ്പിക്കുന്നതിനും മറ്റും ആവശ്യമായ നിർദ്ദേശങ്ങങ്ങളും സഹായങ്ങളും നൽകലും. തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഹജ്ജ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സന്നദ്ധ സംഘടനകളുടേയും വ്യക്തികളുടെയും സഹായത്തോടെ പരിശീലന ക്ലാസ്സുകളും, മെഡിക്കൽ ക്യാമ്പും കുത്തിവെപ്പ് ക്യാമ്പും സംഘടിപ്പിക്കുകയും ചെയ്യുക.

3) ഹജ്ജ് യാത്രക്ക് വേണ്ട തയ്യാറെടുപ്പ് നടത്താനും, ഫ്ളൈറ്റ് ഷെഡ്യൂളിനനുസിരിച്ച് ഹജ്ജ് ക്യാമ്പിൽ എത്തുന്നതിനു ഹജ്ജ് കമ്മിറ്റിയിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ അപ്പപ്പോൾ ഹാജിമാരെ അറിയിക്കുക

4) തെരഞ്ഞെടുക്കപ്പെടുന്ന ഹജ്ജ് ട്രൈനർമാർ സംസ്ഥാന ഹജ്ജ് കമ്മിറ്റി എക്സിക്യൂട്ടീവ് ഓഫീസ്സറുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

*** ഓൺലൈൻ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയ്യതി 2026 ജൂൺ 15**

Kerala State Haj Committee • Haj House, P.O. Calicut Airport • Malappuram Pin 673 647

**മുജീബ് റഹ്മാൻ പുത്തലത്ത്**
അസി. സെക്രട്ടറി
കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി